# പതിമൂന്നാം കേരള നിയമസഭ

## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :792 08.03.2012-ൽ മറുപടിയ്ക്ക്

### ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലനിധി പദ്ധതി രണ്ടാംഘട്ടത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന പഞ്ചായത്തിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുക, പഞ്ചായത്തിലെ ശുചിത്വ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, പഞ്ചായത്തുതല ഭൂഗർഭജല പരിപോഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, പഞ്ചായത്തുകളെ ശാക്തീകരിക്കുക, പഞ്ചായത്തിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, പഞ്ചായത്തിൽ ആവശ്യപ്പെടുന്ന ജനങ്ങൾക്കെല്ലാം കുടിവെള്ളം എത്തിക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) | ഇതിന് ആവശ്യമായ തുക എത്രയെന്ന് അറിയിക്കുമോ; | (ബി) | ജലനിധി രണ്ടാം ഘട്ടത്തിന്റെ മൊത്തം അടങ്കൽ 1022 കോടി രൂപയാണ്. |
| (സി) | സംസ്ഥാനത്ത് എത്ര തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിമൂലം പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് 200 ഗ്രാമപഞ്ചായത്തുകൾക്ക് ഈ പദ്ധതിമൂലം പ്രയോജനം ലഭിക്കുന്നതാണ്. |
| (ഡി) | പദ്ധതിയുടെ വായ്പാ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ; | (ഡി) | 2017 ജൂൺ മുതൽ 2036 ഡിസംബർ വരെയുള 20 വർഷം കൊണ്ട് 40 അർദ്ധ വാർഷിക ഗഡുക്കളായി 1.25 ശതമാനം പലിശ കൂടി ചേർത്താണ് തിരിച്ചടവ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. |
| (ഇ) | തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് പദ്ധതി പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കുമോ? | (ഇ) | തൃശ്ശൂർ ജില്ലയിലെ നടത്തറ, എളവള്ളി എന്നീ പഞ്ചായത്തുകൾക്കാണ് പ്രയോജനം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ